**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1409** **07-02-2023 - ൽ മറുപടിയ്ക്ക്**

**കിടങ്ങറ ഹയർ സെക്കൻഡറി വിഭാഗത്തിന് അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് കിടങ്ങറ ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ തലം വരെ അന്തർദേശീയ നിലവാരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും പ്രസ്തുത സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തിന് ഫിറ്റ്നസ് ഉള്ള കെട്ടിടം ഇല്ലാത്തതുമൂലം വിദ്യാർത്ഥികളും അധ്യാപകരും കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് കിടങ്ങറ ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിന് ഫിറ്റ്നസ്സ് ഉള്ള കെട്ടിടം ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ടി വിഭാഗത്തിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തിന് ഹൈസ്കൂളിന് തുല്യമായ അടിസ്ഥാന സൗകര്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കുട്ടനാട് കിടങ്ങറ ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിന് ഫിറ്റ്നസ്സ് ഉള്ള കെട്ടിടം ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ടി വിഭാഗത്തിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ